ശ്രീ. ഇ. പി. പൌലോസ്: മാർക്കറ്റിലെ കൃഷിയുടെ ഉപയോഗത്തിനു് കാട്ടിൽനിന്നു് പച്ചിലകൾ ശേഖരിക്കുന്നതിനു് ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിൽനിന്നും അനുവാദം നിഷേധിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. എം. കോര: ഈ പറഞ്ഞതു് അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെൻറിനേയോ ആ മന്ത്രിയേയോ അറിയിച്ചാൽ അതിനു് പരിഹാരമുണ്ടാകും.

ശ്രീ. ഇ. പി. പൌലോസ്: അങ്ങനെ എത്ര ഫർജ്ജികൾ നിഷേധിച്ചിട്ടുണ്ടെന്നു് ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിൽ അന്വേഷിച്ചു് അതിനു് പരിഹാരമുണ്ടാക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എം. കോര: അന്വേഷിക്കാം.

ല�ൈസൻസു്

*൨൯. (൪൧) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസു് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ബീഡി സംബന്ധിച്ചു് ലൈസൻസു ഫീസുവകയിൽ എത്ര രൂപാ ലൈസൻസികൾക്കു് തിരിച്ചു കൊടുക്കേണ്ടതായിട്ടുണ്ടു്;

(ബി) ഈ സംഖ്യ ലൈസൻസികൾക്കു് തിരിച്ചു കിട്ടാൻ അവകാശപ്പെട്ടിട്ടുള്ളതു് എപ്പോൾ മുതൽക്കാണു്?

പൊതുമരാമത്തു വകുപ്പു മന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ഒന്നും കൊടുക്കേണ്ടതായിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

ശ്രീ. പി. നാണു: ഈ ലൈസൻസുകൾ ഗവൺമെൻറു് കൊടുത്തിരുന്നില്ലെന്നാണോ പറഞ്ഞതു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഈ ഗവൺമെൻറിൽനിന്നു കൊടുക്കുവാനായിട്ടൊന്നുമില്ല. സെൻട്രൽ ഗവൺമെൻറു് എക്സൈസു് അധികാരികൾ ബീഡി ഉണ്ടാക്കുന്നതിനു് ലൈസൻസ്ഫീസു് പിരിച്ചിരുന്നു. പിന്നിടു് സെൻട്രൽ എക്സൈസുകാർ ആ ലൈസൻസ് സിസ്റ്റം റദ്ദു ചെയ്തു. ആദ്യം ലൈസൻസു് സിസ്റ്റം അനുസരിച്ചു് ഫീസു് അടച്ചിട്ടുള്ളവരുടെ പണം സെൻട്രൽ എക്സൈസിൽനിന്നു് ഇതേവരെ കൊടുത്തിട്ടില്ല. ഈ ഗവൺമെൻറിനു് അതിൽ ചുമതല ഒന്നും ഇല്ല.

ശ്രീ. പി. നാണു: ഈ ഗവൺമെൻറിനു് ഇതിൽ ചുമതല ഒന്നും ഇല്ലന്നാണോ പറയുന്നതു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഈ ഗവൺമെൻറിനു് അതിൽ ചുമതലയില്ല.

ശ്രീ. പി. നാണു: എതു് ട്രഷറിയിലാണു് ഈ പണം അടച്ചിരിക്കുന്നതു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അതു് ഇവിടത്തെ ട്രെഷറിയിലാണു്.

കുടിപാർപ്പിനു് സ്ഥലം

*൩൰. (൪൨) ശ്രീ. സി. സി. പ്രസാദു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കുടിപാർപ്പിനു സ്ഥലമില്ലാത്ത പട്ടികജാതിക്കാർക്കുവേണ്ടി തിരുവല്ലാ താലൂക്കിൽ പലിയക്കര മറിയിൽ സർവ്വേ നമ്പർ-ൽ ൧൦ തോട്ടപ്പറ

LIBRARY ARCHIVES Kerala Legislative Assembly